മെന്റ് പ്രകാരം തുരുത്തിയിലെ 90 ശതമാനം വീടുകളും പൊളിച്ചുമാറ്റേണ്ടി വരും.

**സമരത്തിന്റെ തുടക്കം**

ഭൂമി ഏറ്റെടുക്കുന്നതിനെ കുറിച്ച് യാതൊരു മുന്നറിയിപ്പും നൽകാതെയാണ് അധികാരികൾ തുരുത്തിയിലെത്തുന്നത്. ഒരു ദിവസം പോലീസും അധികാരികളും വന്ന് സർവ്വെ കല്ലിട്ട് പോകുകയായിരുന്നു. ഇതുതടഞ്ഞ സ്ത്രീകളെയും കുട്ടികളെയും അറസ്റ്റ് ചെയ്തു. രാവിലെ പിടിച്ചുകൊണ്ട് പോയിട്ട് വൈകുന്നേരമാണ് ഞങ്ങളെ വിട്ടത്. ഭൂഉടമകളുടെ സാന്നിദ്ധ്യത്തിൽ നടക്കേണ്ട ഭൂസർവ്വെ ആണ് ഭയാനകമായ അന്തരീക്ഷത്തിൽ അവസാനിച്ചത്. ഉടമകളുടെ അസാന്നിദ്ധ്യത്തിൽ സർവ്വെ നടപടികൾ പൂർത്തിയാക്കാനുള്ള അധികാരം ആരാണിവർക്ക് നൽകിയത്? അതോടെയാണ് കഴിഞ്ഞ ഏപ്രിൽ 27ന് കോളനിയിലെ ദളിത് കുടുംബങ്ങൾ കുടിൽ കെട്ടി സമരം തുടങ്ങുന്നത്. ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് വിവിധങ്ങളായ രീതിയിൽ ഞങ്ങൾ കഴിഞ്ഞ 64 ദിവസമായി സമരം ചെയ്തു വരികയാണ്. 2017 ൽ പുറത്ത് വന്ന പ്രസ്തുത അലൈൻമെന്റ് നോട്ടിഫിക്കേഷൻ പ്രകാരം പഞ്ചായത്ത് അധികാരികൾ, ജില്ലാ കളക്ടർ, തഹസിൽദാർ തുടങ്ങിയ ഉദ്യോഗസ്ഥരോട് പലതവണയായി പരാതി ബോധിപ്പിച്ചു. ജനപ്രതിനിധികളോടും മന്ത്രിമാരോടും ഞങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ചു. ദേശീയപാത ജനവാസമില്ലാത്ത സ്ഥലത്തുകൂടി മാറ്റണമെന്ന് മാത്രമായിരുന്നു ഞങ്ങൾ പറഞ്ഞത്. വിഷയം നിയമസഭയിൽ ഉന്നയിക്കപ്പെട്ടെങ്കിലും അനുകൂലമായൊരു നടപടി ഇതുവരെ ഉണ്ടായിട്ടില്ല. ഇതിലുള്ള വിയോജിപ്പുകൾ പ്രായോഗികമായ നിർദ്ദേശങ്ങൾ സഹിതം ദേശീയപാതാ വികസന അതോറിറ്റിക്കും സമർപ്പിച്ചിരുന്നു. അതോറിറ്റിയിൽനിന്നും യാതൊരുവിധ അനുകൂല നടപടിയും ഉണ്ടായില്ല. ഞങ്ങളുടെ സമരത്തിന് കേരളത്തിലെ ദളിത് സംഘടനകളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും പൗരാവകാശ പ്രവർത്തകരുടെയും പിന്തുണയുണ്ട് എന്നതാണ് ആവേശകരം.


> ഭൂഉടമകളുടെ സാന്നിദ്ധ്യത്തിൽ നടക്കേണ്ട ഭൂസർവ്വെ ആണ് ഭയാനകമായ അന്തരീക്ഷത്തിൽ അവസാനിച്ചത്. ഉടമകളുടെ അസാന്നിദ്ധ്യത്തിൽ സർവ്വെ നടപടികൾ പൂർത്തിയാക്കാനുള്ള അധികാരം ആരാണിവർക്ക് നൽകിയത്? അതോടെയാണ് കഴിഞ്ഞ ഏപ്രിൽ 27ന് കോളനിയിലെ ദളിത് കുടുംബങ്ങൾ കുടിൽകെട്ടി സമരം തുടങ്ങുന്നത്.

**രാഷ്ട്രീയപാർട്ടികളുടെ മൗനം**

രാഷ്ട്രീയനേതാക്കളും പാർട്ടികളും ഞങ്ങളുടെ വിഷയത്തിൽ പാലിക്കുന്ന മൗനം അപകടകരമാണ്. സഹായത്തിനൊപ്പമെന്നു പറഞ്ഞു വരുന്ന രാഷ്ട്രീയപാർട്ടികൾ സമരത്തിനൊപ്പം നിന്നു തന്നെ സമരത്തെ ദുർബലപ്പെടുത്താനാണ് ശ്രമിക്കുന്നത്. സി.പി.ഐ.എമ്മിന്റെ പോഷകസംഘടനയായ പട്ടികജാതി ക്ഷേമസമിതി(പി.കെ.എസ്)യാണ് വ്യാജപ്രചരണങ്ങൾ നടത്തി സമരത്തെ ശിഥിലമാക്കാൻ ശ്രമിച്ചത്. നഷ്ടപ്പെടുന്ന ഭൂമിക്ക് 4 ലക്ഷത്തിനും 6 ലക്ഷത്തിനും ഇടയിൽ വില ലഭിക്കുന്നതാണെന്നും വീടിന്റെ കാലപ്പഴക്കം പരിഗണിക്കാതെ തന്നെ അതുപോലൊരു വീട് പണിയാനാവശ്യമായ തുക നൽകുമെന്നും വീട് നഷ്ടപ്പെടുന്നവർക്ക് പുതിയ വീട് നിർമ്മിക്കുന്ന കാലം വരെ വാടകവീട്ടിൽ കഴിയാനായി 5000 രൂപ പ്രതിമാസം നൽകും എന്ന് കളക്ടറുമായി നടത്തിയ ചർച്ചയിൽ തീരുമാനമായതായി കാണിച്ചാണ് പി.കെ.എസ് നോട്ടീസ് അടിച്ചിറക്കിയത്. എന്നാൽ ദേശീയപാതക്കായി സ്ഥലം ഏറ്റെടുക്കുന്ന തളിപ്പറമ്പിൽ ഇതുവരെ സ്ഥലത്തിന് വില നിശ്ചയിച്ചിട്ടില്ല എന്നാണ് വിവരാവകാശ നിയമപ്രകാരം കളക്ടറുടെ ഓഫീസിൽ നിന്നും ലഭിച്ച മറുപടി. ഈ സംഭവത്തോടുകൂടി ഞങ്ങൾക്ക് അവരിലുള്ള വിശ്വാസം നഷ്ടമായി.

**പരിസ്ഥിതിയും സംസ്കാരവും**

വെറും മുപ്പത് കുടുംബങ്ങളെ മാത്രമല്ല ഈ പദ്ധതി ബാധിക്കാൻ പോകുന്നത്. ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി നീർക്കെട്ടുകൾ മണ്ണിട്ട് നികത്തുന്നതിലൂടെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടും. ചുറ്റുമുള്ള കാവുകളും കണ്ടൽക്കാടുകളും നികത്തപ്പെടും. കൃഷിയിടങ്ങൾ കൃഷിയോഗ്യമല്ലാതാകും. നീർക്കെട്ടുകളുടെ നാശം മത്സ്യലഭ്യതയെ ബാധിക്കും. അങ്ങനെ ഒരു നിശ്ചിത പ്രദേശത്തിന്റെയാകെ ജൈവസ്വഭാവം തകിടംമറിയും. ഇത്തരം ദുരിതങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാൽ സ്വാഭാവികമായും ശേഷിക്കുന്ന കുടുംബങ്ങൾകൂടി വീടും പറമ്പും ഉപേക്ഷിച്ച് സ്വമേധയാ അവിടം വിട്ടു പോകും. നിലവിലുള്ള അലൈൻമെന്റുമായി അവർ മുന്നോട്ടുപോയാൽ ഞങ്ങളുടെ അച്ഛനമ്മമാർക്ക് തൊഴിൽ നഷ്ടപ്പെടും. ഞങ്ങളു




നിർദ്ദിഷ്ട അലൈൻമെന്റിന്റെ ഈ പ്ലാനിൽ നിന്നും വി.ഐ.പികളെ രക്ഷിക്കുന്നതിനായി റോഡ് വളച്ചിരിക്കുന്നത് കാണാം

ടെ വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരും. കളിസ്ഥലങ്ങളും പൊതു ഇടങ്ങളും ഇല്ലാതാകും. ഞങ്ങളുടെ കൂട്ടുകാരും അയൽക്കാരും നാട്ടുകാരും ബന്ധുക്കളുമെല്ലാം ചിന്നിച്ചിതറും. 400 കൊല്ലം പഴക്കമുള്ള പുതിയിൽ ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ ഞങ്ങൾക്ക് നഷ്ടമാകും.

**ആർക്കുവേണ്ടിയാണ് ഈ റോഡ്?**

വർഷങ്ങളായുള്ള അധ്വാനത്തിന്റെ ഭാഗമായാണ് തുരുത്തിലെ ഓരോ ദളിത് കുടുംബവും തങ്ങളുടെ വീടുകൾ പണിതിരിക്കുന്നത്. കൃഷിയും കൂലിപ്പണിയും തന്നെയായിരുന്നു പ്രധാന വരുമാന മാർഗ്ഗം. അങ്ങനെ വിയർപ്പൊഴുക്കി, രാപ്പകൽ കഷ്ടപ്പെട്ട് കുടുംബം പുലർത്തി, അന്നന്നത്തേക്കുള്ള ആഹാരം മാത്രം കണ്ടെത്താൻ ശേഷിയുള്ള തുരുത്തിയിലെ ദരിദ്രരെയാണ് പിഴുതെറിയാൻ നോക്കുന്നത്. ഞങ്ങളുടെ ഒരൊറ്റ നിർദ്ദേശം പോലും പരിഗണിക്കാതെ, റോഡ് വികസനത്തിന് പല സാധ്യതകൾ ഉണ്ടായിട്ടും ദളിത് അധിവാസ മേഖലയായ തുരുത്തിക്കു മുകളിലൂടെ തന്നെ പദ്ധതിവഴിതിരിച്ചു വിടുന്നതെന്തിനാണ് ? നാഷണൽ ഹൈവേ അതോറിറ്റി നിർദ്ദേശപ്രകാരം ഒരു കിലോമീറ്ററിനുള്ളിൽ ഒരു വളവു മാത്രമെ ഉണ്ടാവാൻ പാടുള്ളു. എന്നാൽ, ദേശീയപാത വികസനത്തിൽ മറ്റൊരിടത്തും സംഭവിക്കാത്ത വിധത്തിൽ വേളാപുരം മുതൽ തുരുത്തി വരെയുള്ള കേവലം 500 മീറ്ററിനുള്ളിൽ നാല് വളവുകളാണ് അലൈൻമെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 50 മീറ്റർ അപ്പുറം ജനവാസമില്ലാത്ത സ്ഥലത്തിലൂടെ ദേശീയപാത നിർമ്മിക്കാമെന്നിരിക്കെയാണ് ഏറെ പരിസ്ഥിതി പ്രധാന്യമുള്ള തുരുത്തിയിലൂടെ റോഡ് പണിയുന്നത്. മുമ്പ് അവതരിപ്പിക്കപ്പെട്ട രണ്ടു അലൈൻമെന്റുകൾ മാറ്റിയതു സംബന്ധിച്ച വിവരാവകാശ രേഖ പറയുന്നത് 'ചില വി.ഐ.പി ഇടപെടലുകൾ മൂലം' മാറ്റേണ്ടിവന്നു എന്നാണ്. അലൈൻമെന്റിൽ പുതുതായി ചേർത്ത വളവ് ഒഴിവാക്കിയാൽ മുപ്പതോളം ദളിത് കുടുംബങ്ങൾക്ക് അവരുടെ വീട് നഷ്ടപ്പെടില്ല എന്ന കാര്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അലൈൻമെന്റിനെ സംബന്ധിച്ച് ഇനി ചർച്ച ഇല്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പറഞ്ഞ വി.ഐ.പി കൾക്കു വേണ്ടിയാണ് കളക്ടറടക്കമുള്ളവർ നിൽക്കുന്നത് എന്നതു വ്യക്തം. ആൽഫാ വൺ എന്ന കോൺക്രീറ്റു മിക്സിംഗ് കമ്പനിക്കും ഹെട്സ് എന്ന പ്ലൈവുഡ് കമ്പനിക്കും വേണ്ടിയാണ് ഞങ്ങളുടെ വീടുകൾ ഇടിച്ചു നിരത്താൻ സർക്കാർ തീരുമാനിക്കുന്നത്. അവരാണ് ഈ വി.ഐ.പികൾ. സ്വകാര്യവ്യക്തികൾക്കും വ്യവസായങ്ങൾക്കും വേണ്ടി ഇത്രയും കുടുംബങ്ങളെ വഴിയാധാരമാക്കുന്നതിൽ യാതൊരു അനീതിയും അനുഭവപ്പെടാത്ത സർക്കാരാണ് നമുക്കുള്ളത്. കേവലം രണ്ടു കമ്പനികളെ മാറ്റുന്നതിനു പകരം മുപ്പത് കുടുംബങ്ങളെ കുടിയൊഴിപ്പിക്കാൻ തയ്യാറെടുക്കുകയാണ് അവർ. പണവും മറ്റു സ്വാധീനവും ഉപയോഗിച്ച് ആദ്യ രണ്ട് അലൈൻമെന്റുകളിലും ഇടപെട്ട കമ്പനിയെ സംരക്ഷിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇതൊരു ദളിത്-പരിസ്ഥിതി വിരുദ്ധ അലൈൻമെന്റാക്കുന്നതിൽ സർക്കാരിനും സ്വകാര്യ കമ്പനികൾക്കുമുള്ള പങ്ക് വളരെ വ്യക്തമാണ്. സർക്കാരിന്റെ വികസനപദ്ധതികൾ ആരെയാണ് യഥാർത്ഥത്തിൽ വികസിപ്പിക്കുന്നത് എന്നതിന്റെ ഉത്തരമായി തുരുത്തി മാറുന്നു. ■